# ഇരകളായ കുട്ടികളുടെ മൊഴി രേഖപ്പെടുത്തുന്നതു വൈകുന്നു

പാലക്കാട് • അക്രമത്തിന് ഇരയാകുന്ന കുട്ടികളുടെ മൊഴി, സംഭവശേഷം ഉടൻ രേഖപ്പെടുത്തണമെന്ന നിയമം പാലിക്കപ്പെടുന്നില്ലെന്നു നിയമസഭാസമിതി മുൻപാകെ വിശ്വാസ് അറിയിച്ചു.

ക്രിമിനൽ നിയമ ചട്ടം ചൂണ്ടിക്കാട്ടിയാണു കുറ്റകൃത്യത്തിന് ഇരയാകുന്ന കുട്ടികളുടെ മൊഴി ജുഡീഷ്യൽ മജിസ്ട്രേട്ടിന് അപേക്ഷ നൽകി ആഴ്ചകൾ കഴിഞ്ഞു രേഖപ്പെടുത്തുന്നത്. ഇതു കേസിന്റെ ഗൗരവത്തെ ഉൾപ്പെടെ ബാധിക്കുന്നു. പ്രശ്നം ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടു കലക്ടർ ചെയർമാനായുള്ള വിശ്വാസിന്റെ സെക്രട്ടറി പി.പ്രേംനാഥ് കുട്ടികളുടെയും സ്ത്രീകളുടെയും നിയമസഭാസമിതിക്കു നിവേദനം നൽകി. കുട്ടികൾക്കെതിരായ ലൈംഗിക കുറ്റകൃത്യങ്ങൾ വിചാരണ ചെയ്യാൻ ജില്ലയിൽ പ്രത്യേകമായി പോക്സോ കോടതിയില്ലാത്തതിനാൽ വിചാരണ നീളുകയാണ്. മറ്റു സിവിൽ, ക്രിമിനൽ കേസുകൾ കൈകാര്യം ചെയ്യുന്ന കോടതികൾക്കാണു പോക്സോ ചുമതലയും നൽകിയിരിക്കുന്നത്.

ബാലനീതി നിയമമനുസരിച്ചുള്ള പ്രത്യേക ജുവനൈൽ പൊലീസ് യൂണിറ്റുകൾ ഉടൻ ആരംഭിക്കുക, പാലക്കാട് സിവിൽ സ്റ്റേഷനിൽ ഭിന്നശേഷിക്കാർക്കുവേണ്ടി ലിഫ്റ്റ് സ്ഥാപിക്കാൻ എംഎൽഎ നൽകിയ ഫണ്ട് ഉപയോഗിക്കാനുള്ള സാങ്കേതിക തടസ്സം നീക്കുക, ജില്ലയിലെ കുട്ടികളുടെ നിരീക്ഷണാലയം പാലക്കാട് തന്നെ നിലനിർത്തുക എന്നീ ആവശ്യങ്ങളും വിശ്വാസ് സമിതിയോട് ഉന്നയിച്ചു.

# പാവപ്പെട്ടവരെ ദുരിതത്തിലാക്കുന്നത് അഴിമതിയെന്ന് കുട്ടികൾ

## • അഴിമതി ചെയ്യില്ലെന്ന് പ്രതിജ്ഞയെടുത്ത് വിദ്യാർഥികൾ



കലക്ടറേറ്റിൽ നടന്ന അഴിമതി വിരുദ്ധ ദിനാചരണ പരിപാടിയിൽ റിട്ട. ജസ്റ്റിസ് എം.എൻ.കൃഷ്ണൻ പ്രഭാഷണം നടത്തുന്നു

പാലക്കാട് • കലക്ടറേറ്റിലെ ഓഫിസുകൾ തോറുമെത്തി വിദ്യാർഥികൾ ജീവനക്കാർക്ക് അഴിമതി വിരുദ്ധ സന്ദേശം നൽകി. ശേഷം തങ്ങൾ അഴിമതി ചെയ്യില്ലെന്ന് കുട്ടികൾ പ്രതിജ്ഞയെടുത്തു.

ഒരാൾ അഴിമതി നടത്തുമ്പോൾ സമൂഹത്തിലെ ഏറ്റവും താഴെത്തട്ടിലുള്ള മനുഷ്യരുടെ ജീവിതം കൂടുതൽ ദുരിതമായി മാറുന്നുവെന്ന സന്ദേശമാണ് മോയൻസ്. പിഎംജി സ്കൂളിലെ എൻഎസ്എസ് പ്രവർത്തകരായ കുട്ടികൾ ജീവനക്കാർക്കാർക്ക് ഉൾപ്പെടെ 3000 പേർക്ക് കൈമാറിയത്. അഴിമതി വിരുദ്ധദിനാചരണത്തിന്റെ ഭാഗമായി ജീവനക്കാരുടെ സംഘടനകളുടെ സഹകരണത്തോടെ വിശ്വാസ് ആണ് പരിപാടി സംഘടിപ്പിച്ചത്.

ക്യാംപയ്ൻ എം.ബി.രാജേഷ് എംപി ഉദ്ഘാടനം ചെയ്തു. തുടർന്നു നടന്ന സെമിനാറിൽ റിട്ട. ജസ്റ്റിസ് എംഎൻ കൃഷ്ണൻ അഴിമതി നിത്യജീവിതത്തിലുണ്ടാക്കുന്ന സങ്കീർണമായ പ്രശ്നങ്ങളെക്കുറിച്ച് പ്രഭാഷണം നടത്തി. അഴിമതിക്കാരനോട് ഒരു ദാക്ഷിണ്യവും കാണിക്കരുതെന്ന് അദ്ദേഹം പറഞ്ഞു. നിയമവാഴ്ച നിലനിർത്തുകയെന്നതാണ് പ്രധാനം. അഴിമതിചെയ്തവർക്കുള്ള ശിക്ഷ മറ്റുള്ളവർക്കുള്ള സന്ദേശം കൂടിയാണ്.

അഴിമതിയെന്ന വാക്കുതന്നെ ഇല്ലാതാക്കാൻ വിദ്യാർഥികളിൽ നിന്നു തുടങ്ങണം. പെട്ടെന്നു പണമുണ്ടാക്കുക എന്നത് ജീവിതത്തിന്റെ ലക്ഷ്യമായി മാറുമ്പോഴാണ് അഴിമതിക്ക് വിധേയനാകുന്നത്. എഡിഎം എസ്. വിജയൻ അധ്യക്ഷനായിരുന്നു. വിശ്വാസ് സെക്രട്ടറി പി.പ്രേംനാഥ്, വൈസ് പ്രസിഡന്റ് എസ്.ശാരദാദേവി, അസി. കലക്ടർ ശ്രീധർ ചാമക്കുരി, ഡിഎംഒ ഡോ.കെ.പി.റീത്ത, വിജിലൻസ് ഡിവൈഎസ്പി പി.ജി.ശശിധരൻ, എൻജിഒ യൂണിയൻ ബ്രാഞ്ച് പ്രസിഡന്റ് കെ.മുരുകദാസ്, എൻജിഒ സംഘ് ജില്ലാപ്രസിഡന്റ് കെ.മുരളി, ജോയിന്റ് കൗൺസിൽ ജില്ലാപ്രസിഡന്റ് ബി.ചന്ദ്രൻ, ശിരസ്തദാർ പി.ഗീത, കെ.മുരളീധരൻ എന്നിവർ പ്രസംഗിച്ചു.

മികച്ച ഡോക്ടർക്കുള്ള സംസ്ഥാന സർക്കാരിന്റെ അവാർഡ് നേടിയ സീനിയർ ഫൊറൻസിക് സർജൻ ഡോ.പി.ബി.ഗുജ്റാളിനെ ചടങ്ങിൽ ആദരിച്ചു.